# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2413 12.06.2018- ൽ മറുപടിക്ക്**

## വ്യവസായ മിത്ര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ് മന്ത്രി) |

<table>
<tr><td>എ)</td><td>വ്യവസായ മിത്ര പദ്ധതിയുടെ വിശദ വിവരം നൽകാമോ ;</td><td rowspan="2">എ)<br>&<br>ബി)</td><td rowspan="2">എം.എസ്.എം.ഇ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് ഈ സാമ്പത്തിക വർഷം 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആന്റ് റിഹാബിലിറ്റേഷൻ സ്കീം അഥവാ 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ കളുടെ പുനരുദ്ധാരണം' എന്ന പദ്ധതിക്കായി സംസ്ഥാനത്തിന്റെ വിഹിതമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതി മൂലം നൽകാനുദ്ദേശിക്കുന്നത്.<br>• നിലവിലുള്ള വായ്പ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക.<br>• പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾക്ക് പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.<br>• നിയമപരമായി അടക്കേണ്ടുന്ന ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.<br>• പുനരുദ്ധാരണ പ്രോജെക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ പരമാവധി 10,000/- രൂപ<br>മേൽ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു.</td></tr>
<tr><td>ബി)</td><td>പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യവസായ സംരംഭങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;</td></tr>
</table>

| | | | |
|---|---|---|---|
| | | | • സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം<br>• നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല<br>• ഇ.എം പാർട്ട്-2/ ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം<br>• സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം<br>• റിവൈവൽ പ്രോജെക്റ്റ് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണയോഗ്യമായ യൂണിറ്റായിരിക്കണം<br>• സ്വതന്ത്ര അസ്തിത്വം ഉള്ള യൂണിറ്റായിരിക്കണം<br>• നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം ധനസഹായം ലഭിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ കരാർ സാക്ഷ്യപത്രം എന്നീ രേഖകളും ആവശ്യമാണ് |
| സി) | സംസ്ഥാനത്തെ എത്ര വ്യവസായ സംരംഭങ്ങളാണ് പദ്ധതിയുടെ കീഴിൽ വരുന്നതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | സി) | ഉണ്ട്. ജിയോ ടാഗിംഗ് മുഖേന കണ്ടെത്തിയ 3558 വ്യവസായ സംരംഭങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**